"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26-" RT FEST 2025-26-KERLA RESPONSIBLE TOURISM MISSION SOCIETY 2025-26 " എന്ന പദ്ധതിയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.359/2025/TSM തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 29-05-2025 തീയതിയിലെ D0T/1416/2025-P7 നമ്പർ കത്ത്.
3. 31-05-2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് യൂണിറ്റുകളായി പ്രവർത്തിച്ചുവരുന്ന അഗ്രി/ ഫാം ടൂറിസം യൂണിറ്റുകൾ, എക്സ്പീരിയൻസ് എതിക് ക്യുസീൻ യൂണിറ്റുകൾ, സുവനീർ യൂണിറ്റുകൾ, കരകൗശല യൂണിറ്റുകൾ, ആർട്ടിസ്റ്റ് യൂണിറ്റുകൾ, കെ.ആർ.ടി.എം സൊസൈറ്റിയുടെ സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ്, വില്ലേജ് ലൈഫ് പാക്കേജുകൾ തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് വിജകരമായി നടപ്പിലാക്കി വരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും, ജനപ്രതിനിധികളെയും, ഹോംസ്റ്റേ/ സർവ്വീസ്സ്ഡ് വില്ല/ ഗൃഹസ്ഥലി എന്നിവരെയും, കെ.ആർ.ടി.എം സൊസൈറ്റിയുടെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ച് വരുന്ന ടൂർ ഓപ്പറേറ്റർമാർ, കമ്മ്യൂണിറ്റി ടൂർ ലീഡേഴ്സ്, ടൂർ ഗൈഡുമാർ, വ്ളോഗർ/ ബ്ലോഗർമാർ, സ്ത്രീ സംരംഭകർ, മറ്റ് വിവിധ യൂണിറ്റുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 7 ദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ആർ ടി ഫെസ്റ്റും, രജിസ്റ്റേർഡ് യൂണിറ്റുകളുടെ സംഗമവും പ്രചരണ - വിപണന മേളയും നടത്തുന്നതിലേക്കായി, RT FEST 2025-26- KERLA RESPONSIBLE TOURISM MISSION SOCIETY 2025-26 എന്ന പദ്ധതിയ്ക്ക് ₹2,85,82,000/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം

മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

2. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നം. | ഘടകങ്ങൾ | പ്രതീക്ഷിക്കുന്ന ചിലവ്(₹) |
|---|---|---|
| **ആർ ടി ഫെസ്റ്റ് 2025 - 26 (കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ രജിസ്റ്റേർഡ് യൂണിറ്റ് സംഗമവും - പ്രദർശനവിപണന മേളയും)** | | |
| 1 | സർക്കാരിന്റെ അംഗീകൃത ഏജൻസിയായ ഒഡെപെക് വഴി ഫ്ലൈറ്റ് ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനും, മറ്റ് അപ്രതീക്ഷിത ചെലവുകളും | 9,46,787 |
| 2 | മൈത്രി അഡ്വെർടൈസിംഗ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച പ്രൊഡക്ഷൻ എസ്റ്റിമേറ്റ് തുക | 2,71,65,213 |
| 3 | ഫോട്ടോ & വീഡിയോ ഡോക്യുമെന്റേഷൻ | 4,70,000 |
| **ആകെ തുക** | | **2,85,82,000** |
| **രണ്ട് കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ മാത്രം** | | |

3. 31-05-2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും

പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.' **RT FEST 2025-26- KERLA RESPONSIBLE TOURISM MISSION SOCIETY 2025-26** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനയ്ക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷത്തെ **3452-80-104-89-Responsible Tourism (Plan)** എന്ന ശീർഷകത്തിൽ നിന്നും **₹**2,85,82,000/- **( രണ്ട് കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ മാത്രം)** രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

**Individual Components of the proposal should be approved by KRTM Executive Committee.**

5. പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ.ഇ.&എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/ 150/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-06-2025 10:35:54

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.